**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ്  'ഭരണഭാഷ-മാതൃഭാഷ'  2017 ഫെബ്രുവരി 15 ബുധൻ**

# റാണി കൊയ്ത്തിനൊരുങ്ങി

ആലപ്പുഴ: കാൽ നൂറ്റാണ്ടിന് ശേഷം കൃഷിയിറക്കിയ റാണി കായലിലെ കൊയ്ത്ത് അടുത്തയാഴ്ച ആരംഭിക്കും. കൊയ്ത്തിന്റെ പ്രരംഭ പ്രവർത്തനങ്ങളും ഒരുക്കങ്ങളും വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ വീണ എൻ. മാധവൻ റാണി കായൽ സന്ദർശിച്ചു.

പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ എ.ജി. അബ്ദുൾ കരിം ഒപ്പമുണ്ടായിരുന്നു. 525 ഏക്കറിലാണ് കൃഷിയിറക്കിയത്. നെൽകൃഷി നിലനിർത്തുക, നെല്ല്പാടങ്ങൾ മാറ്റാവശ്യങ്ങൾക്കുവേണ്ടി മാറ്റുന്നത് തടയുക തുടങ്ങി സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളുടെ ഭാഗമായാണ് റാണികായലിലും കൃഷി ഇറക്കിയത്. കൃഷി ചെയ്യുന്ന യഥാർഥ വിസ്തൃതി കണ്ടെത്തുന്നതിന് അത്യാധുനികമായ സാങ്കേതി വിദ്യയായ ഡ്രോൺസ് (യു.എ.വി.) ഉപയോഗിച്ച് കണ്ടെത്തുന്നതിനുള്ള നടപടികളിലാണ് കൃഷിവകുപ്പ് ഇപ്പോൾ.

210 ഹെക്ടർ വരുന്ന റാണിയിൽ 1992 ലാണ് അവസാനമായി കൃഷിയിറക്കിയത്. 139.10 ഹെക്ടർ നിലം 570 ഭൂവുടമകളുടെ പക്കലാണുള്ളത്. 81.16 ഹെക്ടർ റവന്യൂ ഭൂമിയാണ്. റാണി-ചിത്തിര കായലുകളുടെ പുറംബണ്ട് 24.75 ലക്ഷം രൂപ മുടക്കി പൈൽ ആൻഡ് സ്ളാബ് ഉപയോഗിച്ച് ബലപ്പെടുത്തിയിരുന്നു. റാണി-ചിത്തിരയിൽ കൃഷിയിറക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി 3.69 കോടി രൂപ അനുവദിച്ചിരുന്നു. 90 ലക്ഷം രൂപ മുടക്കിയാണ് ഇരു കായലുകളിലേക്കും വൈദ്യുതിയെത്തിച്ചത്. 2014ൽ ചിത്തരയിൽ കൃഷിയിറക്കിയിരുന്നു. റാണിക്കായലിൽ 2015ൽ കൃഷിയിറക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും സാങ്കേതികമായ കാരണങ്ങളാൽ നടന്നില്ല. തുടർന്ന് എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം കൃഷി മന്ത്രി കായൽ സന്ദർശിച്ച് കൃഷിക്കുള്ള ഒരുക്കങ്ങൾ വേഗത്തിലാക്കാൻ നിർദേശം നൽകിയിരുന്നു. ഒക്ടോബർ 20ന് കാർഷിക വികസന-കർഷക ക്ഷേമ വകുപ്പു മന്ത്രി വി.എസ്. സുനിൽകുമാറാണ് വിത നിർവഹിച്ചത്.

(പി.എൻ.എ. 359/17)

# താൽപ്പര്യപത്രം ക്ഷണിച്ചു

ആലപ്പുഴ: സംസ്ഥാന ജലഗതാഗത വകുപ്പിന്റെ വൈക്കം, പാണാവള്ളി സ്റ്റേഷനുകളിൽ ഡീസൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു.

താല്പര്യപത്രം (ഇ.ഒ.ഐ) സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 15ന് ഉച്ചകഴിഞ്ഞ് മൂന്നുമണി. വിശദവിവരം ഓഫീസിൽ നിന്നും www.swtd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും.

(പി.എൻ.എ. 360/17)

## ജില്ലാ റോഡ് സുരക്ഷ കൗൺസിൽ യോഗം

ആലപ്പുഴ: ജില്ലാ റോഡ് സുരക്ഷ കൗൺസിൽ യോഗം ഫെബ്രുവരി 23 ന് വൈകിട്ട് 3.30ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടും.

(പി.എൻ.എ. 361/17)

## ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം

ആലപ്പുഴ: ക്ഷീരവികസന വകുപ്പിന്റെ ഓച്ചിറയിലുള്ള പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 17, 18 തീയതികളിൽ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ടെലിഫോൺ മുഖേന രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർ പരിശീലനകേന്ദ്രത്തിൽ 18ന് രാവിലെ 10 ന് എത്തണം. വിശദവിവരത്തിന് ഫോൺ: 0476-2698550.

(പി.എൻ.എ. 362/17)

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിലേക്കും യു.എച്ച്.റ്റി.സി അമ്പലപ്പുഴയിലേക്കും ഫോട്ടോകോപ്പിയർ ഓരോന്നു വീതം വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫെബ്രുവരി 28ന് ഉച്ചയ്ക്ക് 12 വരെ ദർഘാസ് സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് 3.30ന് തുറക്കും. ദർഘാസുകൾ പ്രിൻസിപ്പൽ, ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശ്ദവിവരത്തിന് ഫോൺ: 0477-2282015.

(പി.എൻ.എ. 363/17)

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ സൈക്യാട്രി വിഭാഗത്തിലേക്ക് ഇന്റലിജൻസ് ടെസ്റ്റ് ടൂൾസ് വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫെബ്രുവരി 27ന് ഉച്ചയ്ക്ക് 12 വരെ ദർഘാസ് സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് മൂന്നിന് തുറക്കും. ദർഘാസുകൾ പ്രിൻസിപ്പൽ, ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

(പി.എൻ.എ. 364/17)

# ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ സൈക്യാട്രി വിഭാഗത്തിലേക്ക് ന്യൂറോ സൈക്കോളജിക്കൽ അസ്സസ്സ്മെന്റ് ടൂൾസ് വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫെബ്രുവരി 27ന് ഉച്ചയ്ക്ക് 12 വരെ ദർഘാസ് സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് 3.15ന് തുറക്കും. ദർഘാസുകൾ പ്രിൻസിപ്പൽ, ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

(പി.എൻ.എ. 365/17)

# ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലേക്ക് ഫോട്ടോകോപ്പി മെഷീൻ-ഡ്യൂപ്ലെക്സ്(രണ്ടെണ്ണം) വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫെബ്രുവരി 28ന് ഉച്ചയ്ക്ക് 12 വരെ ദർഘാസ് സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് മൂന്നിന് തുറക്കും. ദർഘാസുകൾ പ്രിൻസിപ്പൽ, ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

(പി.എൻ.എ. 366/17)

# ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളജിലെ സൈക്യാട്രി വിഭാഗത്തിലേക്ക് സൈക്കോഅനലിറ്റിക് ടൂൾസ് വാങ്ങുന്നതിന് ദർഘാസ് ക്ഷണിച്ചു. ഫെബ്രുവരി 27ന് ഉച്ചയ്ക്ക് 12 വരെ ദർഘാസ് സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് 3.30ന് തുറക്കും. ദർഘാസുകൾ പ്രിൻസിപ്പൽ, ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളജ്, ആലപ്പുഴ-688 005 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരത്തിന് ഫോൺ: 0477-2282015.

(പി.എൻ.എ. 367/17)

# ഗുണ്ടാ വിരുദ്ധ പ്രവർത്തനം;

# 138 പേർക്കെതിരേ കേസ്

ആലപ്പുഴ: ജില്ലയിൽ ഗുണ്ടകളുടെയും സാമൂഹികവിരുദ്ധരുടെയും പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനായി റേഞ്ച് ഐ.ജി.യുടെ നിർദ്ദേശാനുസരണം ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ശക്തമായ നടപടി ആരംഭിച്ചു. കഴിഞ്ഞ ദിവസം ജില്ലയിലെ 32 പോലീസ് സ്റ്റേഷനുകളിലായി 138 പേരെ മുൻകരുതലായി അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണത്തിലിരിക്കുന്ന കേസ്സുകളിലെ പ്രതികൾ, മറ്റ് കേസ്സുകളിലെ പ്രതികൾ എന്നിവർക്കെതിരെ അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരും ദിവസങ്ങളിലും ജില്ലയിൽ ശക്തമായ ഗുണ്ടാവിരുദ്ധ നടപടികൾ സ്വീകരിക്കുമെന്ന് സ്പെഷൽ ബ്രാഞ്ച് ഡിവൈ.എസ്.പി.അറിയിച്ചു.

(പി.എൻ.എ. 368/17)

# ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: മാവേലിക്കര താലൂക്കിൽ വിവിധ പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കുകളിൽ കുടിവെള്ളം നിറയ്ക്കുന്നതിന് വാഹന ഉടമകളിൽ നിന്ന് ദർഘാസുകൾ ക്ഷണിച്ചു. ദർഘാസുകൾ ഫെബ്രുവരി 23ന് പകൽ 11ന് മുൻപായി മാവേലിക്കര തഹസിൽദാരുടെ കാര്യാലയത്തിൽ സമർപ്പിക്കണം. അന്ന് പകൽ മൂന്നിന് തുറക്കും.

(പി.എൻ.എ. 369/17)

# അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നൈപുണ്യവികസന പദ്ധതിയായ അസാപ്പിൽ (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പ്രോഗ്രാം മാനേജർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. എം.ബി.എ., ബി.ടെക്., എം.എസ്.ഡബ്ല്യൂ. അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലെ നാലുവർഷ പ്രൊഫഷണൽ ബിരുദധാരികൾക്കു അപേക്ഷിക്കാം. അവസാന തീയതി ഫെബ്രുവരി 18. വിശദവിവരങ്ങൾക്ക് www.asapkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.എൻ.എ. 370/17)

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചു

ആലപ്പുഴ: വൃക്കരോഗത്തെത്തുടർന്ന് ചികിത്സയിൽ കഴിയുന്ന ആലപ്പുഴ, ചേർത്തല, പാണാവള്ളി, കരിക്കാത്തറ വീട്ടിൽ തോമസിന്റെ ചികിത്സാ ചെലവിലേക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്ന് എഴുപത്തയ്യായിരം രൂപ അനുവദിച്ചു. മസ്തിഷ്കാഘാതത്തെത്തുടന്ന് ചികിത്സയിൽ കഴിയുന്ന ആലപ്പുഴ, കായംകുളം, പെരിങ്ങാല, കിളിയിലേത്തു വീട്ടിൽ ജോർജ്ജ് തോമസിന്റെ

ചികിത്സാചെലവിലേക്ക് അമ്പതിനായിരം രൂപയും അനുവദിച്ചിട്ടുണ്ട്.

(പി.എൻ.എ. 371/17)

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ നിലവിലുള്ള കംപ്യൂട്ടർ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ കീ ബോർഡ്- മൂന്ന്, മൗസ് - നാല് , യു.പി.എസ്.-ഒന്ന്, എക്സ്റ്റൻഷൻ ബോക്സ് നാല് പ്ലഗ് ( മൂന്ന്), ആന്റിവൈറസ് - 10, എന്നീ ഇലക്ട്രോണിക്ക് ഉപകര ണങ്ങൾ വിതരണം ചെയ്യുന്നതിനും ഇൻസ്റ്റാൾ ചെയ്യുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. ഫെബ്രുവരി 27ന് വൈകിട്ട് 3.30 ന് ക്വട്ടേഷൻ തുറക്കും. കൂടുതൽ വിവരങ്ങൾ ഓഫീസുമായി ബന്ധപ്പെടാം.

(പി.എൻ.എ. 372/17)

# ലൈൻമാൻ പട്ടിക റദ്ദായി

ആലപ്പുഴ: ആലപ്പുഴ ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ (ഇലക്ട്രിക്കൽ വിഭാഗം) ലൈൻമാൻ (കാറ്റഗറി നമ്പർ 89/08) തസ്തികയിലേക്ക് 2012 ഏപ്രിൽ 20ന് പ്രാബല്യത്തിൽ വന്ന റാങ്ക് പട്ടികയു ടെ(നമ്പർ 149/12/ഡി.ഓ.എ) കാലാവധി 2016 ഒക്ടോബർ ഒന്നിന് അവസാനിച്ചതിനാൽ 2016 ഒക്ടോബർ രണ്ടുമുതൽ മുതൽ റാങ്ക്പട്ടിക നിലവിലില്ലാതായതായി പബ്ലിക് സർവീസ് കമ്മിഷൻ അറിയിച്ചു.

(പി.എൻ.എ. 373/17)

# അനെർട്ടിന്റെ സൗരനിലയ പദ്ധതി;
# സ്പോട്ട് രജിസ്ട്രേഷൻ കാമ്പയിൻ

ആലപ്പുഴ : അനെർട്ട് ഈ സാമ്പത്തിക വർഷം രണ്ടു മേൽക്കൂര സൗരവൈദ്യുതി നലിയ പദ്ധതികൾ നടപ്പിലാക്കുന്നു. വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സൗരനിലയപദ്ധതി ആയ സോളാർ കണക്റ്റ് മുഖേന അഞ്ചു മെഗാ വാട്ടും വൈദ്യുതശൃംഖലയുമായി ബന്ധിപ്പിക്കാത്ത സൗരനിലയ പദ്ധതി ആയ സോളാർ സ്മാർട്ട് മുഖേന 6.4 മെഗാവാട്ടും ശേഷി കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സോളാർ കണക്റ്റ് പദ്ധതിയിൽ ഒരു കിലോവാട്ടിന് ഏകദേശം 70,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ രണ്ടു കിലോ വാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുവദിക്കും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി ഒരി കിലോവാട്ടിന് 29,700 രൂപ (കേന്ദ്ര സർക്കാർ തീരുമാനത്തിന് വിധേയം) ലഭിക്കും. ഇപ്പോൾ ഇൻവെർട്ടർ ഉള്ള വീടുകളിൽ ഈ സംവിധാനം സ്ഥാപിച്ചാൽ വൈദ്യുതി ബില്ലിൽ ഗണ്യമായ കുറവ്

വരും. സോളാർ സ്മാർട്ട് പദ്ധതിയിൽ ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോ വാട്ട് വരെ ശേഷിയുള്ള സൗരനിലയങ്ങൾ സ്ഥാപിക്കുന്നതിന് അനുവദിക്കും. ഇതിന് ഒരു കിലോവാട്ടിന് 1,50,000 രൂപയാണ് ഏകദേശ ചെലവ്. കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായം ഒരു കിലോവാട്ടിന് 67,500 രൂപ ലഭിക്കും. വീടുകൾക്ക് മൂന്നു കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് അഞ്ചു കിലോവാട്ട് വരെയുമാണ് പരിധി. പദ്ധതിക്കായി അനെർട്ട് ജില്ലാതലത്തിൽ സ്പോട്ട് രജിസ്ട്രേഷൻ സംഘടിപ്പിക്കുന്നു.

രജിസ്ട്രേഷൻ ചെയ്യുന്ന മുൻഗണനാ ക്രമത്തിലായിരിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജില്ലയിൽ രജിസ്ട്രേഷൻ ഇന്ദിര ജംങ്ഷനിലുള്ള അനെർട്ടിന്റെ ജില്ലാ ഓഫീസിൽ ഫെബ്രുവരി 17,18 തീയിതികളിൽ നടത്തും. കൂടുതൽ വിവരങ്ങൾ www.anert.gov.in എന്ന വെബ്സൈറ്റിൽ നിന്നും ജില്ലാ ഓഫീസിൽ (ഫോൺ: 0477-2235591) നിന്നും ലഭിക്കും. രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന ഗുണഭോക്താക്കൾ തിരിച്ചറിയൽ കാർഡിന്റെ ഫോട്ടോകോപ്പി(ആധാർ കാർഡ് കോപ്പി അഭികാമ്യം) സഹിതം ജില്ലാ ഓഫീസിൽ നേരിട്ടെത്തി ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. സോളാർ കണക്റ്റിന് 2000 രൂപയും സോളാർ സ്മാർട്ടിന് 1000 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്.

(പി.എൻ.എ. 374/17)

//അവസാനിച്ചു//